# കേരള ഹൈക്കോടതി

## ഷോഫർ ഗ്രേഡ് - II (എൻ.സി.എ. ഒഴിവ്)
## റിക്രൂട്ട്മെന്റ് നമ്പർ 8/2013

## ചോദ്യപുസ്തകം

**റോൾ നമ്പർ**

| | | | | |
|---|---|---|---|---|
| | | | | |

### പരീക്ഷാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ഒ.എം.ആർ. ഷീറ്റ് പൂരിപ്പിക്കുമ്പോൾ സംശയം ഉണ്ടായാൽ ഇൻവിജിലേറ്ററുടെ / അസിസ്റ്റന്റ് സൂപ്രണ്ടിന്റെ സഹായം തേടേണ്ടതാണ്.

2. അഡ്മിഷൻ ടിക്കറ്റിൽ നല്കിയിരിക്കുന്ന റോൾനമ്പർ ഉത്തരക്കടലാസിലെയും ചോദ്യപുസ്തകത്തിലെയും നിർദ്ദിഷ്ട ചതുരക്കള്ളികളിൽ എഴുതുകയും ഉത്തരക്കടലാസിൽ അതാത് കുമിളകൾ കറുപ്പിക്കുകയും ചെയ്യേണ്ടതാണ്.

3. പരീക്ഷ 100 ചോദ്യങ്ങൾ അടങ്ങിയ 75 മിനിട്ട് ദൈർഘ്യമുള്ള ഒബ്ജക്ടീവ് രീതിയിലുള്ളതായിരിക്കും.

4. ചോദ്യപുസ്തകത്തിൽ 100 ചോദ്യങ്ങൾ പൂർണ്ണമായി പതിഞ്ഞിട്ടുണ്ടോ എന്ന് പരിശോധിക്കുക. ഇല്ലെങ്കിൽ പരീക്ഷാഹാളിലെ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തുക.

5. ഓരോ ചോദ്യത്തിനും A, B, C, D എന്നീ ഉത്തരങ്ങൾ കൊടുത്തിരിക്കുന്നതിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം തിരഞ്ഞെടുത്ത് ഉത്തരക്കടലാസിൽ (O.M.R. Sheet) അതാതു ക്രമ നമ്പറിനു നേരെ ശരിയായ ഉത്തരം സൂചിപ്പിക്കുന്ന കുമിള നീല/കറുപ്പ് മഷിയുള്ള ബോൾപോയിന്റ് പേന ഉപയോഗിച്ച് പൂർണ്ണമായി കറുപ്പിക്കുക. ഒരു ചോദ്യത്തിന് ഉത്തരമായി ഒരു കുമിളയെ കറുപ്പിക്കാവൂ. ഒന്നിൽ കൂടുതൽ കുമിളകൾ ഉത്തരമായി കറുപ്പിച്ചാൽ ആ ഉത്തരത്തിന് മാർക്ക് നൽകുന്നതല്ല.

6. ശരിയായ ഉത്തരങ്ങൾക്ക് 1 മാർക്ക് വീതം നൽകുന്നതാണ്. തെറ്റായ ഉത്തരങ്ങൾക്ക് ¼ മാർക്ക് വീതം കുറയ്ക്കുന്നതാണ്. ഉത്തരം അടയാളപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് കുറയ്ക്കുന്നതല്ല.

7 ക്രിയയും മറ്റും ചെയ്യുവാനായി ചോദ്യപുസ്തകത്തിന്റെ അവസാനത്തെ പേജ് ഉപയോഗിക്കാവുന്നതാണ്.

8. കാൽക്കുലേറ്റർ, ലോഗരിതം ടേബിൾ, മൊബൈൽ ഫോൺ, മറ്റ് ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവ പരീക്ഷാഹാളിനുള്ളിൽ അനുവദിക്കുന്നതല്ല.

9. പരീക്ഷാ സമയം കഴിഞ്ഞ് ഉത്തരക്കടലാസും (ഒ.എം.ആർ. ഷീറ്റ്), ഐഡന്റിഫിക്കേഷൻ ടിക്കറ്റും പരീക്ഷയുടെ മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥനെ ഏൽപ്പിക്കേണ്ടതാണ്. അഡ്മിഷൻ ടിക്കറ്റും, ചോദ്യ പുസ്തകവും പരീക്ഷാർത്ഥി കൈവശം സൂക്ഷിക്കേണ്ടതാണ്.

10. പരീക്ഷ കഴിഞ്ഞശേഷം ഉത്തരസൂചിക കേരള ഹൈക്കോടതിയുടെ വെബ്സൈറ്റിൽ (hckrecruitment.nic.in) പ്രസിദ്ധീകരിക്കുന്നതാണ്. ഈ ഉത്തരങ്ങളെ സംബന്ധിച്ച പരാതി ഉള്ളവർ സൂചിക പ്രസിദ്ധീകരിച്ച് അഞ്ച് കലണ്ടർ ദിവസത്തിനകം അവരുടെ പരാതി തെളിവു സഹിതം വേണു കരുണാകരൻ, രജിസ്ട്രാർ (റിക്രൂട്ട്മെന്റ് & കമ്പ്യൂട്ടറൈസേഷൻ), ഹൈക്കോടതി, കൊച്ചി - 682 031 എന്ന വിലാസത്തിൽ രേഖാമൂലം സമർപ്പിക്കേണ്ടതാണ്. ഇത്തരം പരാതികളിൻമേൽ വിദഗ്ധരുടെ അഭിപ്രായം ആരായുകയും അവരുടെ തീരുമാനം അന്തിമമായി കണക്കാക്കപ്പെടുകയും ചെയ്യും. തെളിവുകൾ ഹാജരാക്കാത്തതോ, സമയപരിധികഴിഞ്ഞു സമർപ്പിക്കുന്നതോ ആയ പരാതികൾ പരിഗണിക്കുന്നതല്ല.

11 പരീക്ഷയിൽ ക്രമക്കേടുകൾ കാണിക്കുന്ന പരീക്ഷാർത്ഥികളുടെ ഉത്തരക്കടലാസുകൾ (ഒ.എം.ആർ. ഷീറ്റ്) മൂല്യ നിർണ്ണയം ചെയ്യുന്നതല്ല.

12. പരീക്ഷാർത്ഥികളെ പരീക്ഷാസമയം കഴിഞ്ഞതിനുശേഷം (11.45 a.m.) മാത്രമേ പരീക്ഷാഹാളിനു പുറത്തുപോകുവാൻ അനുവദിക്കുകയുള്ളൂ.

……………………………

1. പുതിയ വാഹനത്തിന് പുകമലിനീകരണ നിയന്ത്രണ സർട്ടിഫിക്കേറ്റ് എടുക്കേണ്ടത് എപ്പോൾ ?

A. രണ്ടു വർഷം കഴിഞ്ഞ്
B. ഒരു വർഷം കഴിഞ്ഞ്
C. രജിസ്റ്റർ ചെയ്യുമ്പോൾ തന്നെ
D. എടുക്കേണ്ടതില്ല

2. മുമ്പേ പോകുന്ന വാഹനത്തെ ഇടതുവശത്തുകൂടി മറികടക്കാവുന്ന സാഹചര്യമേത്?

A. മുമ്പേ പോകുന്ന വാഹനം അനുവദിക്കുകയാണെങ്കിൽ
B. ഒരിക്കലും മറികടക്കരുത്
C. മുമ്പേ പോകുന്ന വാഹനം വലതുവശത്തേക്ക് തിരിയുന്ന സാഹചര്യത്തിൽ
D. എപ്പോൾ വേണമെങ്കിലും മറികടക്കാം

3. പൊതുസ്ഥലത്തോ മറ്റ് ഏതെങ്കിലും സ്ഥലത്തോ ഒരു ട്രാൻസ്പോർട്ട് വാഹനം യാത്രക്കാർക്കോ, പൊതുജനങ്ങൾക്കോ, ആ സ്ഥലം ഉപയോഗിക്കുന്ന മറ്റുള്ളവർക്കോ തടസ്സമോ, അസൗകര്യമോ ഉണ്ടാകുന്നവിധത്തിൽ പണിമുടക്കിന്റേയോ സമരത്തിന്റേയോ സൂചനയായി വാഹനം ഉപേക്ഷിക്കുന്നത്

A. ഡ്രൈവിംഗ് ലൈസൻസ് സസ്പെൻഡ് ചെയ്യുന്നതിനോ ക്യാൻസൽ ചെയ്യുന്നതിനോ വരെ പര്യാപ്തമായ കുറ്റമാണ്
B. പിഴമാത്രം ഈടാക്കുന്നതിന് പര്യാപ്തമായ കുറ്റമാണ്
C. പിഴയും തടവും കൂടി ശിക്ഷയായി ലഭിക്കാവുന്ന കുറ്റമാണ്
D. ഡ്രൈവറുടെ അവകാശമാണ്

4. ട്രാൻസ്പോർട്ട് വാഹനമോടിക്കുവാനുള്ള ലൈസൻസ് പുതുക്കുന്നത് എത്ര വർഷം കൂടുമ്പോഴാണ്?

A. ഒരു വർഷം
B. രണ്ടു വർഷം
C. 50 വയസ്സാകുമ്പോൾ
D. മൂന്നു വർഷം

5. വാഹനത്തിന്റെ ഇൻഷുറൻസ് സർട്ടിഫിക്കറ്റിന്റെ കാലാവധി എത്ര വർഷം ?

A. ഒരു വർഷം
B. രണ്ടു വർഷം
C. 3 വർഷം
D. 4 വർഷം

6. ഒരു പെഡസ്ട്രിയൻ ക്രോസിങ്ങിനു മുമ്പായി റോഡിൽ കുറുകെ വരയ്ക്കുന്ന രേഖ സൂചിപ്പിക്കുന്നതെന്ത് ?

A. ഇരു വശവും നോക്കി ഹോൺ മുഴക്കി പോകുക
B. പ്രത്യേകിച്ചൊന്നും സൂചിപ്പിക്കുന്നില്ല
C. വേഗതകൂട്ടി കടന്നു പോകുക
D. കാൽ നടക്കാർ റോഡു മുറിച്ചു കടക്കാനുണ്ടെങ്കിൽ രേഖയ്ക്കു മുമ്പ് വാഹനം നിർത്തുക.

7. ഒന്നാമത്തെ ഗിയറുപയോഗിച്ച് ഒരു കയറ്റം കയറിയ വാഹനം ഇറക്കത്തിൽ ഏതു ഗിയറുപയോഗിക്കുന്നതാണ് സുരക്ഷിതം ?

A. നാലാമത്തെ ഗിയർ
B. ഒന്നാമത്തെ ഗിയർ
C. മൂന്നാമത്തെ ഗിയർ
D. ഏതു ഗിയറായാലും വ്യത്യാസമില്ല

8. വൃത്താകൃതിയിൽ കാണപ്പെടുന്ന സൈൻ ബോർഡുകൾക്ക് പറയുന്ന പേര് ?

A. മാന്റേറ്ററി സൈൻ
B. ഇൻഫർമേറ്ററി സൈൻ
C. കോഷണറി സൈൻ
D. സ്റ്റോപ്പ് സൈൻ

9. നാലു വരിപ്പാതയിൽ ഒരു സ്വകാര്യ കാറിന് പരമാവധിയെടുക്കാവുന്ന വേഗത എത്ര?

A. 70 km/hr.
B. 60 km/hr.
C. 50 km/hr.
D. 90 km/hr.

10. നാലുവരിപ്പാതയിൽ ചരക്കു വാഹനമോടിക്കേണ്ടത് ഏത് ലൈനിലൂടെയാണ് ?

A. വലത്തെ ലെയിൻ
B. ഏതു ലെയിനുമാകാം
C. ഇടത്തേ ലെയിൻ
D. മദ്ധ്യ ഭാഗത്തുകൂടി

11. ഒരു അപ്രധാന റോഡിൽ നിന്ന് പ്രധാന റോഡിലേക്ക് കടക്കുമ്പോൾ ഏതു വാഹനത്തിനാണ് മുൻഗണന ?

A. പ്രത്യേകിച്ച് ഒരു മുൻഗണനയുമില്ല
B. അപ്രധാന റോഡിലെ വാഹനത്തിന് മുൻഗണന
C. വേഗത കൂടിയ വാഹനത്തിനാണ് മുൻഗണന
D. പ്രധാന റോഡിലെ വാഹനത്തിനാണ് മുൻഗണന

12. ഒരു ജംക്ഷനിലെ സിഗ്നൽ ലൈറ്റിനെ സമീപിക്കുമ്പോൾ ആംബർലൈറ്റ് (മഞ്ഞ) തെളിയുകയാണെങ്കിൽ എന്താണു ചെയ്യേണ്ടത് ?

A. വേഗത കുറച്ച് അടുത്ത സിഗ്നലിനായി കാത്തിരിക്കുക
B. എത്രയും വേഗം കടന്നു പോകുക
C. ഹോൺ മുഴക്കി കടന്നു പോകുക
D. വാഹനമൊന്നുമില്ലെങ്കിൽ കടന്നു പോവുക

13. ഫുട്പ്പാത്തില്ലാത്ത റോഡിൽ ഏതു വശത്തുകൂടിയാണ് നടക്കേണ്ടത് ?

A. സൗകര്യം പോലെ നടക്കാം
B. വലതുവശത്തുകൂടി
C. ഇടതു വശത്തുകൂടി
D. കുറച്ചു ദൂരം വലതു വശത്തുകൂടിയും പിന്നെ ഇടതു വശത്തുകൂടിയും

14. ഒരു ചരക്കു വാഹനത്തിൽ അനുവദിച്ചിരിക്കുന്നതിനേക്കാൾ 950 kg അധികം കയറ്റിയാൽ എത്ര രൂപ പിഴയടയ്ക്കണം ?

A. 1000 രൂപ
B. 3000 രൂപ
C. 2000 രൂപ
D. 9000 രൂപ

15. രണ്ടു പ്രധാന റോഡുകൾ സന്ധിക്കുന്ന സ്ഥലത്ത് ഏത് വാഹനത്തിനാണ് മുൻഗണന ?

A. ഒരു വാഹനത്തിനും മുൻഗണനയില്ല
B. വലതു വശത്തു നിന്നു വരുന്ന വാഹനങ്ങൾക്ക്
C. ഇടതു വശത്ത് നിന്നു വരുന്ന വാഹനങ്ങൾക്ക്
D. വേഗത കൂടിയ വാഹനത്തിന്.

16. റോഡിന്റെ മദ്ധ്യഭാഗത്ത് ഒരു ഇടവിടാതെയുള്ള വെള്ളുത്ത രേഖയും ഒരു ഇടവിട്ടുള്ള വെള്ളുത്ത രേഖയും സൂചിപ്പിക്കുന്നതെന്ത് ?

A. ഇടവിട്ടുള്ള വെള്ളുത്ത ഭാഗത്ത് വാഹനങ്ങൾക്ക് മറികടക്കാനനുവാദമുണ്ട്. ഇടവിടാതെയുള്ള ഭാഗത്ത് വാഹനങ്ങൾക്ക് മറികടക്കാൻ അനുവാദമില്ല.
B. ഇടവിട്ടുള്ള രേഖയുള്ള ഭാഗത്ത് വാഹനങ്ങൾക്ക് മറികടക്കാനനുവാദമില്ല. ഇടവിടാതെയുള്ള രേഖയുള്ള ഭാഗത്ത് വാഹനങ്ങൾക്ക് മറികടക്കാം.
C. ഒരു കാരണവശാലും മറികടക്കരുത്.
D. ഇരുവശങ്ങളിലുമുള്ള വാഹനങ്ങൾക്ക് മറികടക്കാം.

17. ത്രികോണാകൃതിയിൽ കാണപ്പെടുന്ന സൈൻ ബോർഡുകൾ അറിയപ്പെടുന്നത്?

A. മാന്റേറ്ററി
B. ഇൻഫർമേറ്ററി
C. കോഷണറി
D. സ്റ്റോപ്പ്

18. മിന്നിമിന്നി പ്രകാശിക്കുന്ന ചുവപ്പ് ലൈറ്റ് കണ്ടാൽ എന്തു ചെയ്യണം ?

A. വേഗതകൂട്ടി കടന്നു പോകുക
B. വേഗത കുറച്ചു കടന്നു പോകുക
C. വാഹനം നിർത്തി മറ്റു ഭാഗങ്ങളിൽ നിന്നും വാഹനമില്ലെന്ന് ഉറപ്പു വരുത്തിയതിനു ശേഷം സാവധാനം പോകുക
D. വരുന്ന അതേ വേഗതയിൽ കടന്നു പോകുക.

19. പട്ടണത്തിൽ രാത്രികാലങ്ങളിൽ ഒരു മോട്ടോർ സൈക്കിളിന്റെ പരമാവധി വേഗത

A. മണിക്കൂറിൽ 25 കി.മീ.
B. മണിക്കൂറിൽ 30 കി.മീ.
C. മണിക്കൂറിൽ 40 കി.മീ.
D. മണിക്കൂറിൽ 50 കി.മീ.

20. ഒരു ഓട്ടോറിക്ഷ ഓടിക്കുന്നതിനുള്ള ലൈസൻസ് ലഭിക്കുവാൻ എത്ര വയസ്സാകണം?

A. 16 വയസ്സ്
B. 18 വയസ്സ്
C. 25 വയസ്സ്
D. 20 വയസ്സ്

21. ഒരു വാഹനം ഓടിക്കുന്ന ആൾക്ക് മൊബൈൽ ഫോണുപയോഗിക്കാവുന്ന സാഹചര്യമേത് ?

A. ബ്ലൂടൂത്തോ, ഹാന്റ്സ് ഫ്രീയോ സൗകര്യമുള്ളപ്പോൾ
B. അത്യാവശ്യ സന്ദർഭങ്ങളിൽ
C. വാഹനത്തിന്റെ വേഗത കു റവുള്ള അവസരത്തിൽ
D. ഒരു സാഹചര്യത്തിലും ഡ്രൈവ് ചെയ്യുമ്പോൾ മൊബൈൽ ഫോൺ ഉപയോഗിക്കുവാൻ പാടില്ല.

22. ഒരു ടൂവീലറിൽ ഡ്രൈവറെ കൂടാതെ എത്രപേർക്ക്‌വരെ യാത്ര ചെയ്യാം ?

A. 1
B. 2
C. 3
D. ആരും പാടില്ല.

23. എട്ടു വശത്തോടുകൂടിയ വെള്ളത്ത അരികോടുകൂടിയ ചുവന്ന പശ്ചാത്തലത്തിലുള്ള ചിഹ്നം സൂചിപ്പിക്കുന്നതെന്ത് ?

A. വഴി കൊടുക്കുക
B. നിർത്തുക
C. ശ്രദ്ധിക്കുക
D. പാർക്കു ചെയ്യരുത്

24. റോഡിന്റെ വശങ്ങളിലുള്ള തുടർച്ചയായുള്ള വെള്ളത്ത വര എന്താണ് ?

A. എഡ്ജ് ഓഫ് കാര്യേജ് വേ
B. സ്റ്റോപ്പ് ലൈൻ
C. നോൺസ്റ്റോപ്പ് ലൈൻ
D. പെഡസ്ട്രിയൽ ലൈൻ

25. ചുവപ്പ് ലൈറ്റ് ലംഘനത്തിന് നിലവിലുള്ള പിഴ എത്ര രൂപയാണ് ?

A. 500
B. 100
C. 1000
D. 200

26 ഒരു ട്രാഫിക് ലൈറ്റ് പോയിന്റിൽ മുകളിലുള്ള ലൈറ്റ് ഏതായിരിക്കും ?

A. പച്ച
B. ചുവപ്പ്
C. മഞ്ഞ
D. ഏതുമാകാം

27 ഒരു വാഹനത്തിൽ കയറ്റാവുന്ന യാത്രക്കാരുടെ എണ്ണം സൂചിപ്പിച്ചിരിക്കുന്ന ആധികാരിക രേഖ ഏത് ?

A. പൊല്യൂഷൻ സർട്ടിഫിക്കേറ്റ്
B. ഫിറ്റ്നസ്സ് സർട്ടിഫിക്കേറ്റ്
C. ഇൻഷ്വറൻസ് സർട്ടിഫിക്കേറ്റ്
D. രജിസ്ട്രേഷൻ സർട്ടിഫിക്കേറ്റ്

28. താഴെപ്പറയുന്നവയിൽ എവിടെയാണ് ഹോൺ മുഴക്കുന്നത് കർശനമായി നിരോധിച്ചിരിക്കുന്നത് ?

A. ദേശീയപാത
B. ഇടുങ്ങിയ റോഡ്
C. ജംഗ്ഷനിൽ
D. ആശുപത്രി പരിസരത്ത്

29. ഒരു ഓൾ ഇൻഡ്യാ ടൂറിസ്റ്റ് വാഹനത്തിന്റെ ഡ്രൈവറുടെ യൂണിഫോം എന്ത് ?

A. കാക്കി പാന്റും കാക്കി ഷർട്ടും
B. നീല പാന്റും നീലഷർട്ടും
C. വെള്ളത്ത പാന്റും വെള്ളത്ത ഷർട്ടും
D. യൂണിഫോം നിഷ്ക്കർഷിച്ചിട്ടില്ല.

30. നിയന്ത്രിക്കുവാൻ കഴിയാത്ത മൃഗങ്ങളെ തെളിച്ചു കൊണ്ടുപോകുന്ന ആൾ വാഹനം നിർത്തുവാൻ ആവശ്യപ്പെട്ടാൽ ഡ്രൈവർ എന്തു ചെയ്യണം ?

A. വാഹനം നിർത്തുക
B. ഹോൺ മുഴക്കി കടന്നു പോകുക
C. വേഗത കുറച്ചു പോകുക
D. വേഗത കൂട്ടി പോവുക

31. സ്കൂൾ ബസുകൾ കുട്ടികളെ കയറ്റുന്നതിനോ ഇറക്കുന്നതിനോ നിർത്തിയിരിക്കുമ്പോൾ ;

A. ഹോൺ മുഴക്കി വരുന്ന വേഗതയിൽ പോവുക
B. ഹോൺ മുഴക്കാതെ കടന്നു പോവുക
C. കുട്ടികൾ ആ ഭാഗത്ത് ഇറങ്ങി ഓടാൻ സാധ്യതയുണ്ടെന്ന് മനസ്സിലാക്കി വളരെ കരുതലോടെ വേഗത കുറച്ച് പോവുക
D. പ്രത്യേക ശ്രദ്ധ ആവശ്യമില്ല.

32. ഓവർടേക്കിംഗ് നിരോധിച്ചിട്ടുള്ളത് ?

A. സ്റ്റേറ്റ് ഹൈവേയിൽ
B. പഞ്ചായത്ത് ഹൈവേയിൽ
C. നാഷണൽ ഹൈവേയിൽ
D. ഇടുങ്ങിയ പാലത്തിൽ

33. ഇരുചക്ര വാഹനങ്ങൾ ഓടിക്കുമ്പോൾ ഇടതുഭാഗത്തേക്ക് തിരിയുന്നതിനു മുമ്പായി

A. ഇടതുകൈ ഇടത്തോട്ട് നീട്ടി സിഗ്നൽ കാണിക്കണം
B. ഹോൺ അടിച്ചുകൊണ്ടു ഇടത്തോട്ടു തിരിക്കുക
C. പ്രത്യേകിച്ച് സിഗ്നലുകളൊന്നും കാണിക്കേണ്ടതില്ല
D. വലതുകൈ കൊണ്ടു ഇടത്തോട്ടുള്ള സിഗ്നൽ കാണിക്കണം

34. മോട്ടോർ വാഹന നിയമം 112-ാം വകുപ്പ് അനുസരിച്ച്

A. വേഗത പരിധി ലംഘിക്കുവാൻ പാടില്ല
B. ഡ്രൈവർ മദ്യപിച്ച് വാഹനമോടിക്കരുത്
C. ടാക്സ് അടക്കാതെ വാഹനം ഓടിക്കരുത്
D. ഇൻഷുറൻസ് ഇല്ലാതെ വാഹനം ഓടിക്കരുത്

35. വാഹനം ഓടിച്ചുപോകുമ്പോൾ ഇടത്തോട്ടുള്ള റോഡിലേക്ക് തിരിഞ്ഞു പോകുവാൻ

A. ഇടത്തോട്ടുള്ള സിഗ്നൽ കാണിച്ച് റോഡിന്റെ മദ്ധ്യഭാഗത്തുള്ള ഒരു പോയിന്റ് കണക്കാകി ചുറ്റിത്തിരിച്ച് ഇടത്തോട്ടുള്ള റോഡിൽ പ്രവേശിക്കും
B. ഹോൺ മുഴക്കി ഇടത്തോട്ടു തിരിയും
C. എതിരെ വാഹനമില്ലെന്നു ഉറപ്പു വരുത്തി പെട്ടെന്ന് ഇടത്തേക്കു തിരിയും
D. ഇടത്തോട്ടുള്ള സിഗ്നൽ കാണിച്ച് റോഡിന്റെ ഇടതു ഭാഗം ചേർന്ന് ഇടത്തോട്ടുള്ള റോഡിന്റെ ഇടതുഭാഗത്ത് പ്രവേശിക്കും

36. പുതിയതായി വാങ്ങിയ ഒരു കാറിന്റെ ഒറ്റത്തവണ നികുതി

A. അഞ്ചുവർഷത്തേക്കാണ്
B. പത്തുവർഷത്തേക്കാണ്
C. 15 വർഷത്തേക്കാണ്
D. 20 വർഷത്തേക്കാണ്

37 പബ്ലിക് സർവീസ് വാഹനങ്ങൾ ഓടിക്കുമ്പോൾ ഡ്രൈവർ പുകവലിക്കുന്നത്

A. ഡ്രൈവിംഗ് ലൈസൻസ് സസ്പെൻഡ് ചെയ്യുന്നതിനു വരെ പര്യാപ്തമായ കുറ്റമാണ്
B. പിഴ മാത്രം ഈടാക്കാവുന്ന കുറ്റമാണ്
C. പിഴയും തടവും ലഭിക്കാവുന്ന കുറ്റമാണ്
D. കുറ്റകരമല്ല

38. രാത്രി നിങ്ങൾ ഹെഡ്‌ലൈറ്റ് ബ്രൈറ്റ് ആക്കി ഓടിച്ചുപോകുമ്പോൾ എതിരെ ഒരു വാഹനം വന്നാൽ

A. ആ വാഹനത്തെ ശ്രദ്ധിക്കതെ ഓടിച്ചു പോകും
B. ലൈറ്റ് ബ്രൈറ്റ് ആക്കി വേഗം കടന്നു പോകും
C. പലതവണ ലൈറ്റ് ഡിമ്മും ബ്രൈറ്റും ആക്കും
D. ലൈറ്റ് ഡിം ആക്കി എതിരെ വരുന്ന വാഹനം കടന്നു പോയ ശേഷം ബ്രൈറ്റ് ആക്കും

39. ഒരു ലോറിയിൽ പരമാവധി കയറ്റാവുന്ന ഭാരം എത്ര ?

A. പരിധിയില്ല
B പെർമിറ്റിൽ അനുവദിച്ചിരിക്കുന്നത്
C. പത്തു ടൺ
D. പതിനഞ്ച് ടൺ

40. ഒരു വാഹനം മോട്ടോർ വാഹന ഉദ്യോഗസ്ഥൻ പിടിച്ചെടുക്കുന്നത്

A. വാഹനത്തിന് രജിസ്ട്രേഷനോ, പെർമിറ്റോ ഇല്ലെങ്കിൽ
B. ഇൻഷുറൻസ് സർട്ടിഫിക്കറ്റ് ഇല്ലെങ്കിൽ
C. ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് ഇല്ലെങ്കിൽ
D. വാഹനം അമിത വേഗതയിൽ ഓടിച്ചാൽ

41. വൺവേ നിയന്ത്രണമുള്ള റോഡിൽ

A. വാഹനങ്ങൾ പാർക്ക് ചെയ്യരുത്
B. വളരെ പതുക്കെ പോകണം
C. ഓവർടേക്ക് ചെയ്യുവാൻ പാടില്ല
D. റിവേഴ്സ് ഗിയറിൽ അനുവദനീയമായ ദിശയ്ക്കെതിരായി വാഹനം പോകുവാൻ പാടില്ല.

42. നിരോധിച്ചിട്ടില്ലാത്ത ഹോൺ

A. എയർ ഹോൺ
B. മ്യൂസിക്കൽ എയർ ഹോൺ
C. മൾട്ടി ടോൺ ഹോൺ
D. ഇലക്ട്രിക് ഹോൺ

43. അമിത വേഗത

A. ലൈസൻസ് സസ്പെൻഡ് ചെയ്യുകയോ, ക്യാൻസൽ ചെയ്യുകയോ കാരണമാകുന്ന കുറ്റമാണ്.
B. പിഴ മാത്രം ഈടാക്കാവുന്ന കുറ്റമാണ്
C. പിഴയും തടവും ലഭിക്കാവുന്ന കുറ്റമാണ്
D. കുറ്റകരമല്ല

44. താഴെ പറയുന്നവയിൽ ഏതു വാഹനങ്ങൾക്ക് റോഡിൽ മുൻഗണന കൊടുക്കണം?

A. പോലീസ് വാഹനങ്ങൾ
B. ആംബുലൻസിനും ഫയർ സർവീസ് വാഹനങ്ങൾക്കും
C. എക്സ്പ്രസ്സ്, സൂപ്പർഫാസ്റ്റ് ബസുകൾക്ക്
D. സർക്കാർ വാഹനങ്ങൾക്ക്

45. ഒരു ട്രാൻസ്പോർട്ട് വാഹനം എങ്ങനെ തിരിച്ചറിയും?

A. വാഹനത്തിന്റെ നമ്പർ പ്ലേറ്റ് നോക്കി
B. വാഹനത്തിന്റെ നിറം നോക്കി
C. വാഹനത്തിന്റെ വലുപ്പം നോക്കി
D. വാഹനത്തിന്റെ ടയർ നോക്കി

46. ലോറിയിൽ ചരക്കു കയറ്റുമ്പോൾ, ഇരുവശത്തേക്കും

A. 30 cm വരെ തള്ളി നിൽക്കാം
B. തള്ളിനിൽക്കാൻ പാടില്ല
C. 50 cm വരെ തള്ളി നിൽക്കം
D. 75 cm തള്ളി നിൽക്കാം

47. ഒരു വാഹനം അപകടത്തിൽപ്പെട്ടാൽ ........... മണിക്കൂറിനുള്ളിൽ അടുത്ത പോലീസ് സ്റ്റേഷനിൽ അറിയിക്കണം

A. 24 മണിക്കൂർ
B. 12 മണിക്കൂർ
C. 48 മണിക്കൂർ
D. 10 മണിക്കൂർ

48. ഒരു വാഹനത്തിന്റെ ഡ്രൈവർ എതിർദിശയിൽ നിന്നും ഓടിച്ചു വരുന്ന വാഹനങ്ങളെ തന്റെ

A. വലതുവശത്തു കൂടി പോകുവാൻ അനുവദിക്കണം
B. ഇടതുവശത്തു കൂടി പോകുവാൻ അനുവദിക്കണം
C. സൗകര്യമുള്ള വശത്തുകൂടി കടന്നുപോകുവാൻ അനുവദിക്കണം
D. വാഹനം മറികടന്നു പോകുന്നതുവരെ നിർത്തിയിടണം

49. മുമ്പേ പോകുന്ന വാഹനം ഓവർടേക്ക് ചെയ്യാൻ സിഗ്നൽ തരാത്തപക്ഷം

A. ഓവർടേക്ക് ചെയ്യാവുന്നതാണ്
B. ഓവർടേക്ക് ചെയ്യാൻ പാടില്ല
C. ഹോൺ മുഴക്കി ഓവർടേക്ക് ചെയ്യാം
D. വലതുവശത്തുകൂടി ഓവർടേക്ക് ചെയ്യാം

50. ലേണേഴ്സ് ലൈസൻസിന്റെ കാലാവധി

A. സ്ഥിരം ലൈസൻസ് കിട്ടുന്നതുവരെ
B. 6 മാസം
C. ഒരു മാസം
D. മൂന്നു മാസം

51. ഇന്ത്യൻ ദേശീയ പതാകയുടെ വീതിയും നീളവും തമ്മിലുള്ള അനുപാതം

A. 3:5
B. 2:3
C. 2:4
D. 3:4

52. രവീന്ദ്രനാഥ ടാഗോറിന്റെ 'ജനഗണമന' എന്ന ഗാനത്തിന്റെ എത്ര ശ്ലോകങ്ങളാണ് ഇന്ത്യൻ ദേശീയഗാനമായി അംഗീകരിക്കപ്പെട്ടത് ?

A. ആദ്യശ്ലോകം
B. മുഴുവൻ ഗാനം
C. മൂന്നും നാലും ശ്ലോകങ്ങൾ
D. ഒന്നും രണ്ടും ശ്ലോകങ്ങൾ

53. നാട്യ ശാസ്ത്രം രചിച്ചതാര് ?

A. നാരദൻ
B. ഭരതമുനി
C. അഭിനവ് ഗുപ്ത
D. താണ്ഡു മുനി

54. 'ദാണ്ഡിയ' ഏതു സംസ്ഥാനത്തിൽ പ്രചാരമുള്ള നൃത്ത രൂപം ആണ് ?

A. പഞ്ചാബ്
B. ഗുജറാത്ത്
C. തമിഴ്നാട്
D. മഹാരാഷ്ട്ര

55. ഇന്ത്യൻദേശീയ ചിഹ്നത്തിനു താഴെ എഴുതിയിരിക്കുന്ന 'സത്യമേവ ജയതേ' എന്ന വാക്യം എവിടെ നിന്നും എടുത്തതാണ് ?

A. ഋഗ്വേദം
B. യജുർവേദം
C. മുണ്ഡകോപനിഷത്ത്
D. രാമായണം

56. മോഹിനിയാട്ടം ഏതു സംസ്ഥാനത്തിന്റെ നൃത്ത രൂപം ആണ് ?

A. തമിഴ്നാട്
B. ഒറീസ്സ
C. കേരളം
D. കർണ്ണാടകം

57. ഇവയിൽ ഏതാണ് ഗുജറാത്തുമായി ബന്ധപ്പെട്ട നാടോടി നൃത്ത രൂപം ?

A. നാടങ്കി
B. കഥകളി
C. ഗാർബാ
D. ഭംഗ്ര

58. മാക്വാ ഓപ്പൺ ഗ്രാന്റ്പ്രീ ഗോൾഡ് ബാറ്റ്മിന്റൺ ടൂർണമെന്റിന്റെ 2015 ലെ ജേതാവ്

A. പി.വി.സിന്ധു
B. സാനിയ മിർസ
C. സൈന നേവാൾ
D. സഞ്ജിത ഖുമുഖ

59. ഇന്ത്യയും ഇസ്രായേലും ചേർന്ന് വികസിപ്പിച്ച് വിജയകരമായി വിക്ഷേപിച്ച മിസൈൽ

A. എൽ.ആർ.എസ്.എം.
B. അഗ്നി
C. അസ്ത്ര
D. തൃശൂൽ

60. കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ്

A. ജസ്റ്റിസ് ബന്നൂർമഠ്
B. ജസ്റ്റിസ് മാളിമഠ്
C. ജസ്റ്റിസ് മഞ്ജുള ചെല്ലൂർ
D. ജസ്റ്റിസ് അശോക് ഭൂഷൺ

61. ഇന്ത്യയിലെ ആദ്യത്തെ എ.സി. ഡബിൾ ഡക്കർ ശതാബ്ധി ട്രയിനിന്റെ നിയുക്ത റൂട്ട്

A. മുംബൈ-ഗോവ
B. ഡൽഹി-കന്യാകുമാരി
C. കൊൽക്കത്ത-മുംബൈ
D. ഡൽഹി-ചെന്നൈ

62. മുൻരാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൾ കലാമിന്റെ ജന്മ സ്ഥലം

A. മധുരൈ
B. രാമേശ്വരം
C. തൂത്തുക്കുടി
D. ചെന്നൈ

63. കേരള ഹൈക്കോടതിയിലെ ജഡ്ജിമാരുടെ അംഗീകൃത സംഖ്യാബലം

A. 47
B. 32
C. 38
D. 49

64. ഇന്ത്യയിലെ ആദ്യത്തെ വനിതാ ഹൈക്കോടതി ജഡ്ജി

A. ജസ്റ്റിസ് അന്നാചാണ്ടി
B. ജസ്റ്റിസ് ഫാത്തിമാബീവി
C. ജസ്റ്റിസ് സുജാത മനോഹർ
D. ജസ്റ്റിസ് കെ.കെ.ഉഷ

65. കേരള ഹൈക്കോടതിയിലെ ആദ്യത്തെ വനിതാ ചീഫ് ജസ്റ്റിസ്

A. ജസ്റ്റിസ് അന്നാചാണ്ടി
B. ജസ്റ്റിസ് മഞ്ജുള ചെല്ലൂർ
C. ജസ്റ്റിസ് സുജാത മനോഹർ
D. ജസ്റ്റിസ് കെ.കെ.ഉഷ

66. രാജ്യസഭാംഗങ്ങളെ തിരഞ്ഞെടുക്കുന്നത്

A. ജനങ്ങൾ
B. ലോക സഭ
C. ലെജിസ്ലേറ്റീവ് അസംബ്ലിയിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ
D. ലെജിസ്ലേറ്റീവ് കൗൺസിലിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ

67. പഞ്ചായത്ത് അംഗങ്ങളെ

A. ജില്ലാ ഓഫീസർ നാമനിർദ്ദേശം ചെയ്യുകയാണ്
B. അതാത് വാർഡുകളിലെ വോട്ടർമാർ തിരഞ്ഞെടുക്കുകയാണ്
C. തദ്ദേശ സ്വയംഭരണ മന്ത്രി നാമനിർദ്ദേശം ചെയ്യുകയാണ്
D. ബ്ലോക്ക് വികസന സ്ഥാപനങ്ങൾ നാമ നിർദ്ദേശം ചെയ്യുകയാണ്

68. നിയമസഭ ഇലക്ഷൻ സംബന്ധിച്ചുള്ള ഇലക്ഷൻ പെറ്റീഷനുകൾ പരിഗണിക്കുന്നത്

A. പാർലമെന്റ്
B. സുപ്രീംകോടതി
C. ഹൈക്കോടതികൾ
D. ഇലക്ഷൻ കമ്മീഷൻ

69. ഇപ്പോഴത്തെ ലോക സഭ

A. 13-ാം ലോകസഭ
B. 14-ാം ലോകസഭ
C. 15-ാം ലോകസഭ
D. 16-ാം ലോകസഭ

70. ലോകസഭാംഗത്തിന്റെ കാലാവധി

A. 4 വർഷം
B. 5 വർഷം
C. 6 വർഷം
D. 3 വർഷം

71. ലോകസഭയിലേക്ക് മത്സരിക്കുന്നതിനുള്ള ഏറ്റവും കുറഞ്ഞ പ്രായം

A. 25 വയസ്സ്
B. 21 വയസ്സ്
C. 18 വയസ്സ്
D. 35 വയസ്സ്

72. ഹൈക്കോടതി ജഡ്ജിമാരുടെ പെൻഷൻ വകയിരുത്തിയിരിക്കുന്നത്

A. കൺസോളിഡേറ്റഡ് ഫണ്ട് ഓഫ് ഇന്ത്യയിൽ നിന്ന്
B. അദ്ദേഹം അവസാനം സേവനം അനുഷ്ഠിച്ച സംസ്ഥാനത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്ന്
C. അദ്ദേഹം സേവനം ചെയ്ത വിവിധ സംസ്ഥാനങ്ങളുടെ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്ന്
D. കണ്ടിജൻസി ഫണ്ടിൽ നിന്ന്.

73. ഇന്ത്യൻ ഭരണഘടനയുടെ ആമുഖ പ്രസ്താവനയിൽ പറയുന്ന വ്യക്തികളുടെ അന്തസ്സ് ഉറപ്പു വരുത്തുന്നത്

A. പൗരന്മാരുടെ തുല്യാമയ മൗലിക അവകാശം ഉറപ്പു വരുത്തുന്നതിലൂടെ
B. പൗരന്മാർക്ക് മതിയായുള്ള ഉപജീവനമാർഗ്ഗം ഉറപ്പു വരുത്തുന്നതിലൂടെ
C. നീതിപൂർവ്വകവും മാനുഷികവുമായി ജോലിചെയ്യുന്നതിനുള്ള സാ ഹചര്യം ഒരുക്കിക്കൊണ്ട്
D. ലിംഗഭേദം കൂടാതെ തുല്യ ജോലിക്ക് തുല്യ വേതനം ഉറപ്പുവരുത്തുന്നതിലൂടെ

74. ഇന്ത്യയിൽ വോട്ടവകാശം ലഭിക്കുന്നതിനുള്ള ഏറ്റവും കുറഞ്ഞ പ്രായം

A. 15 വയസ്സ്
B. 18 വയസ്സ്
C. 21 വയസ്സ്
D. 25 വയസ്സ്

75. പ്രസിഡന്റ് ലോകസഭ പിരിച്ചുവിടുന്നത്

A. പ്രധാനമന്ത്രിയുടെ ഉപദേശപ്രകാരം
B. ഇന്ത്യൻ ചീഫ് ജസ്റ്റിസിന്റെ ഉപദേശപ്രകാരം
C. ലോകസഭയുടെ ഉപദേശപ്രകാരം
D. രാജ്യസഭയുടെ ഉപദേശപ്രകാരം

76. കേന്ദ്ര മോട്ടോർ വാഹന നിയമം അനുസരിച്ച് സ്കൂൾ ബസ്സുകളുടെ നിറം

A. മഞ്ഞയും കറുപ്പുവരകളും ആകണം
B. വെള്ളയും മഞ്ഞവരകളും ആകണം
C. സുവർണ്ണമഞ്ഞയും തവിട്ടുവരകളും ആകണം
D. ഏതു നിറവുമാകാം

77. കേരള സംസ്ഥാനത്തിലൂടെ കടന്നുപോകുന്ന ഹൈവേകളിൽ കാറുകളുടെ പരമാവധി വേഗപരിധി

A. 85 km/hr
B. 100 km/hr
C. 80 km/hr
D. 95 km/hr

78. സ്ക്കൂൾ ബസ്സ് ഡ്രൈവർമാർക്ക് ഉണ്ടായിരിക്കേണ്ട മിനിമം യോഗ്യത

A. 5 വർഷത്തെ ഡ്രൈവിംഗ് പരിചയവും അതിൽ 3 വർഷമെങ്കിലും ഹെവി വാഹനങ്ങൾ ഓടിച്ച പരിചയവും
B. 15 വർഷത്തെ ഡ്രൈവിംഗ് പരിചയവും അതിൽ 10 വർഷമെങ്കിലും ഹെവി വാഹനങ്ങൾ ഓടിച്ച പരിചയവും
C. 10 വർഷത്തെ ഡ്രൈവിംഗ് പരിചയവും അതിൽ 5 വർഷമെങ്കിലും ഹെവി വാഹനങ്ങൾ ഓടിച്ച പരിചയവും
D. 7 വർഷത്തെ ഡ്രൈവിംഗ് പരിചയവും അതിൽ 5 വർഷമെങ്കിലും ഹെവി വാഹനങ്ങൾ ഓടിച്ച പരിചയവും

79. ലഹരിവിരുദ്ധ ദിനം

A. ജനുവരി 30
B. മാർച്ച് 27
C. ഡിസംബർ 6
D. ജൂലൈ 26

80. കേരളത്തിലെ എത്ര എയ്ഡഡ് കോളേജുകൾക്ക് യു.ജി.സി. യുടെ സ്വയംഭരണാവകാശം ലഭിച്ചിട്ടുണ്ട്?

A. 10
B. 7
C. 9
D. 5

81. വാഹനാപകടങ്ങളിൽ പരിക്കേറ്റവർക്ക് വൈദ്യസഹായം ഉറപ്പാക്കുന്നതിന് കേരള പോലീസ് ആരംഭിച്ച പദ്ധതി

A. SMILE
B. LIFE
C. SAVE
D. CARE

82. കേരളത്തിലൂടെ കടന്നു പോകുന്ന NH 17 എന്ന ദേശീയ പാതയുടെ പുതിയ നമ്പർ

A. NH 70
B. NH 85
C. NH 90
D. NH 66

83. കേരളത്തിലെ ആദ്യത്തെ ടെംബിൾ പോലീസ് സ്റ്റേഷൻ ഏതു ക്ഷേത്രവുമായി ബന്ധപ്പെട്ടാണ് നിലവിൽ വന്നത്?

A. പത്മനാഭസ്വാമി ക്ഷേത്രം
B. ഗുരുവായൂർ ക്ഷേത്രം
C. ശബരിമല
D. വൈക്കം ശിവക്ഷേത്രം

84. നാഷണൽ ഹൈവേ അതോറിറ്റിയുടെ ദേശീയ നിലവാരം അനുസരിച്ച് ദേശീയ പാതയ്ക്ക് ഉണ്ടായിരിക്കേണ്ട വീതി

A. 85 മീറ്റർ
B. 75 മീറ്റർ
C. 60 മീറ്റർ
D. 90 മീറ്റർ

85. രാജ്യസഭാംഗങ്ങളുടെ കാലാവധി

A. 5 വർഷം
B. 6 വർഷം
C. 7 വർഷം
D. 4 വർഷം

86. 2015 - ലെ ലോക കാലാവസ്ഥാ സമ്മേളനം നടക്കുന്നത്

A. ലണ്ടൻ
B. വാഷിങ്ടൺ
C. പാരീസ്
D. ടോക്കിയോ

87. കേരളത്തിൽ 29.11.2015 ൽ മവോയിസ്റ്റുകളും പോലീസും തമ്മിൽ ഏറ്റുമുട്ടിയത്

A. മണ്ണാർക്കാട്
B. മഞ്ചേരി
C. വയനാട്
D. അട്ടപ്പാടി

88. ലോക ഹെവി വെയിറ്റ് ചാമ്പ്യൻ

A. കാഷ്യസ്സ് ക്ലേ
B. വ്ലസ്ലിയാൻ
C. മൈക്ക് ടൈസൺ
D. ടൈസൺ ഫ്യൂറി

89. കേരളത്തിലെ ഇപ്പോഴത്തെ ജയിൽ മേധാവി

A. ലോക്നാഥ് ബഹ്റ
B. ഋഷിരാജ് സിങ്
C. ടി.പി.സെൻകുമാർ
D. വിൻസൻ എം. പോൾ

90. 'അഗ്നി ചിറകുകൾ' എന്ന കൃതിയുടെ രചയിതാവ്

A. ലളിതാംബിക അന്തർജ്ജനം
B. തകഴി ശിവശങ്കരപിള്ള
C. ഡോ.എ.പി.ജെ.അബ്ദുൾ കലാം
D. ജവഹർലാൽ നെഹ്റു

91. മോട്ടോർകാറിന്റെ ഉപജ്ഞാതാവ്

A. ഹെൻറി ഫോർഡ്
B. കാൾ ബെൻസ്
C. ജോൺ വീലർ
D. മാർട്ടിൻ കൂപ്പർ

92. ചന്ദ്രൻ ഒരു ............... ആണ്

A. നക്ഷത്രം
B. ഗ്രഹം
C. വാൽനക്ഷത്രം
D. ഉപഗ്രഹം

93. ദ്രോണാചാര്യ അവാർഡ് നൽകുന്നത്

A. കായികതാരങ്ങൾക്ക്
B. ശാസ്ത്രജ്ഞർക്ക്
C. കായികതാരങ്ങളുടെ പരിശീലകർക്ക്
D. സിനിമാതാരങ്ങൾക്ക്

94. ഏറ്റവും കൂടുതൽ റബ്ബർ ഉത്പാദിപ്പിക്കുന്ന രാജ്യം

A. മലേഷ്യ
B. ഇന്ത്യ
C. മ്യാൻമാർ
D. ആസ്ട്രേലിയ

95. മനുഷ്യൻ ആദ്യമായി ഉപയോഗിച്ച ലോഹം

A. അലുമിനിയം
B. സ്വർണ്ണം
C. ഇരുമ്പ്
D. ചെമ്പ്

96. ഗോബർ ഗ്യാസ്സ് പ്രധാനമായും .......... ആണ്

A. മീതെയ്ൻ
B. കാർബൺ ഡൈ ഓക്സൈഡ്
C. കാർബൺ മോണോക്സൈഡ്
D. ഈതെയ്ൻ

97. താഴെ പറയുന്നവയിൽ ഏതാണ് കൂടുതൽ വേഗത്തിൽ വളരുന്ന വൃക്ഷം

A. മാവ്
B. തേക്ക്
C. യൂക്കാലിപ്റ്റസ്
D. അരയാൽ

98. സുപ്രീംകോടതി ചീഫ് ജസ്റ്റിസ്

A. ജസ്റ്റിസ് കെ.ജി.ബാലകൃഷ്ണൻ
B. ജസ്റ്റിസ് എച്ച്.എൽ.ദത്തു
C.ജസ്റ്റിസ് ടി.എസ്.താക്കൂർ
D. ജസ്റ്റിസ് ആർ.എം.ലോധ

99. മതനിരപേക്ഷത എന്നാൽ

A. രാഷ്ട്രത്തിന് ഔദ്യോഗികമായി ഒരു മതവും ഇല്ലാതിരിക്കുകയും പൗരന്മാർക്ക് അവരവരുടേതായ മതാനുഷ്ഠാനങ്ങൾ സ്വീകരിക്കുന്നതിന് സ്വാതന്ത്ര്യം ഉണ്ടായിരിക്കുകയും ചെയ്യുക
B. രാഷ്ട്രം എല്ലാ മതങ്ങളെയും പിന്തുണയ്ക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുക
C. രാഷ്ട്രത്തിന് അതിന്റേതായ മതം ഉണ്ടായിരിക്കുക
D. രാഷ്ട്രത്തിന് അതിന്റേതായ മതം ഉണ്ടായിരിക്കുകയും മറ്റു മതങ്ങളെ ആദരിക്കുകയും ചെയ്യുക

100. ശകവർഷം നിലവിൽ വന്നത് ആരുടെ കാലഘട്ടത്തിലാണ് ?

A. ഹർഷ വർദ്ധനൻ
B. അശോകൻ
C. ചന്ദ്ര ഗുപ്ത മൗര്യൻ
D. കനിഷ്കൻ

*****